സഹകരിച്ച് എച്ച്.എം.എസി. ലാബുകൾ, നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ പി.എച്ച്.സി. പോരുവഴി, പി.എച്ച്.സി. ഉമ്മന്നൂർ, പി.എച്ച്.സി കെ.എസ്.പുരം എന്നിവിടങ്ങളിൽ നടന്നുവരുന്നു.

(ഡി) ജില്ലയിലെ ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സി.-കളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് 51852/എച്ച്2/2011 എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എട്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

6 (2280) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗ നിർണ്ണയ - ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ആലപ്പുഴയിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി വിപുലീകരിക്കുന്നതിനു കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) വിവിധ രോഗ നിർണയത്തിനായി അന്യ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി രോഗ നിർണ്ണയം വൈകുന്നതും ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ രണ്ടായിരാമാണ്ടിൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മതിയായ സാങ്കേതിക വിദഗ്ദ്ധരും നൂതന ഉപകരണങ്ങളും ഇല്ലാത്തതിനാൽ പ്രവർത്തനം വിപുലപ്പെടുത്താൻ സാധിച്ചിട്ടില്ല ഇപ്പോൾ അടിസ്ഥാന രോഗനിർണ്ണയവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും പരിമിതമായ രീതിയിൽ നടന്നുവരികയാണ്. ഈ സ്ഥാപനം അന്താരാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly

നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശിപാർശ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) നിലവിൽ വൈറസ് രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ളതിനാൽ ചുരുക്കം ചില പരിശോധനകൾക്ക് മാത്രമേ അന്യസംസ്ഥാനത്തെ ആശ്രയിക്കാറുള്ളൂ.

പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി

7 (2281) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകയുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

എന്റോസൾഫാൻ രോഗികൾ ഉൾപ്പെടെയുള്ളവർ ചികിത്സ തേടുന്ന ഈ സ്ഥാപനം ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ 50 കിടക്കകളോടുകൂടിയ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനും പേവാർഡ്, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ ആശുപത്രി നിർമ്മിക്കുന്നതിനുവേണ്ടി ഹോസ്ദുർഗ്ഗ് താലൂക്കിൽ അഞ്ച് ഏക്കർ സർക്കാർ ഭൂമി അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നഴ്സുമാരുടെ ഒഴിവുകൾ

8 (2282) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പ് സ്റ്റാഫ് നഴ്സ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്;

(ബി) ഇതുവരെ എത്ര വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; എത്ര നിയമനങ്ങൾ നടക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly